"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വല്ലച്ചിറ ഗ്രാമപഞ്ചായത്ത് - കുടിവെള്ള വിതരണത്തിന് അധികമായി ചെലവായ തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്

സ.ഉ.(സാധാ) നം.825/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 05/05/2020

---

പരാമർശം:- 1 വല്ലച്ചിറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 22/02/2019 ലെ സി-151/18 നമ്പർ കത്ത്.

2 പഞ്ചായത്ത് ഡയറക്ടറുടെ 17/09/2019ലെ PAN/8993/2019-J6(DP) നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ വല്ലച്ചിറ ഗ്രാമപഞ്ചായത്തിൽ പ്രളയം മൂലം കിണർജലം മലിനമായതിനാൽ വാട്ടർ അതോറിറ്റിയിൽ നിന്നും വെള്ളം ലഭ്യമാക്കി വിതരണം ചെയ്യുന്നതിന് ടെൻഡർ ക്ഷണിക്കുകയും, 2000 ലിറ്ററിന് 600 രൂപ നിരക്കിൽ 2018 ഒക്ടോബർ 2 വരെ വെള്ളം വിതരണം ചെയ്യുന്നതിന് എഗ്രിമെന്റ് വെക്കുകയും ചെയ്തു. എന്നാൽ പ്രളയം മൂലം മലിനമായ കിണറിലെ വെള്ളത്തിന്റെ പരിശോധന റിപ്പോർട്ട് കിട്ടാൻ വൈകിയതിനാൽ ജനങ്ങൾ കിണറിലെ വെള്ളം ഉപയോഗിക്കാതെ വരികയും വാർഡ് മെമ്പർമാരുടെ ആവശ്യപ്രകാരം പഞ്ചായത്ത് പ്രസിഡന്റ് നേരത്തെ ക്വട്ടേഷൻ എടുത്ത കരാറുകാരനോട് വീണ്ടും കുടിവെള്ളം വിതരണം ചെയ്യാൻ ആവശ്യപ്പെടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാൻ കുടിവെള്ള വിതരണം നടത്തിയിരുന്നു. ഇപ്രകാരം ഒക്ടോബർ 2 ന് ശേഷം കുടിവെള്ള വിതരണം നടത്തിയ വകയിൽ വിതരണക്കാരന് ചെലവായ 97800/- രൂപ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്ന് നൽകുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം വല്ലിച്ചിറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിക്കുകയും, ആയത് പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വല്ലച്ചിറ ഗ്രാമപഞ്ചായത്തിൽ മഹാപ്രളയകാലത്ത് കുടിവെള്ള വിതരണത്തിനായി ചെലവഴിച്ച 97800/- രൂപ പ്രളയാനന്തര പ്രവർത്തനങ്ങളുടെ പശ്ചാത്തലത്തിൽ കമ്മിറ്റി തീരുമാനം എടുക്കുവാൻ വൈകിയതായി പരിഗണിച്ച് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സജൻ സി വി ഐ എ സ്
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, തൃശ്ശൂർ

പ്രസിഡന്റ്/സെക്രട്ടറി, വല്ലച്ചിറ ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

S. Brinda

സെക്ഷൻ ഓഫീസർ

പകർപ്പ്

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്